● റാഫി



● ശരത്



● വിശാഖ്

● രാജേഷ്

കാപ്പാ: നാല് ഗുണ്ടകളെ നാടുകടത്തി

ചാരുംമൂട്: ജില്ലയിൽ ഗുണ്ടാ പ്രവർത്തനങ്ങൾക്കെതിരേ നടക്കുന്ന പോലീസ് നടപടിയുടെ ഭാഗമായി നൂറനാട് പോലീസ് സ്‌റ്റേഷൻ പരിധിയിൽപെട്ട നാല് ഗുണ്ടകളെ കാപ്പാ നിയമപ്രകാരം നാടുകടത്തി.

പാലമേൽ ഉളവക്കാട് കോടമ്പറമ്പ് വീട്ടിൽ മുഹമ്മദ് റാഫി (26), താമരക്കുളം മേക്കുംമുറിയിൽ കളീക്കൽ പുത്തൻവീട്ടിൽ ഉണ്ണി എന്നു വിളിക്കുന്ന ശരത് കുമാർ (25), താമരക്കുളം കിഴക്കുംമുറിയിൽ വി.വി നിവാസ് വീട്ടിൽനിന്നും വെൺമണി ഏറംമുറിയിൽ താമസിക്കുന്ന വിശാഖ് വിജയൻ (29), നൂറനാട് നെടുകുളഞ്ഞി വൃന്ദാവനം വീട്ടിൽ അമ്പിളി എന്ന് വിളിക്കുന്ന രാജേഷ് (32) എന്നിവരെയാണ് ജില്ലയിൽ പ്രവേശിക്കുന്നതിൽനിന്നും വിലക്കേർപ്പെടുത്തി നാടുകടത്തിയത്. ജില്ലാ പോലീസ് മേധാവി എം.പി മോഹന ചന്ദ്രന്റെ നേതൃത്വത്തിൽ നടത്തുന്ന സ്‌പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി ചെങ്ങന്നൂർ ഡി.വൈ.എസ്.പി– എം.കെ ബിനു കുമാറിന്റെ മേൽനോട്ടത്തിലാണ് സബ് ഡിവിഷനിൽ ക്രിമിനലുകൾക്കെതിരെയുള്ള പ്രവർത്തനങ്ങൾ ശക്തമാക്കിയത്.

നൂറനാട് ഇൻസ്‌പെക്ടർ എസ്. ശ്രീകുമാർ ക്രോഡീകരിച്ചു നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം റേഞ്ച് ഡി.ഐ.ജി തോംസൺ ജോസാണ് കാപ്പ നിയമപ്രകാരം നാലുപേരെ നാടുകടത്തി ഉത്തരവു പുറപ്പെടുവിച്ചത്.

മുഹമ്മദ് റാഫിയെ ഒരു വർഷക്കാലത്തേക്കും മറ്റുള്ളവരെ ആറു മാസത്തേക്കുമാണ് ജില്ലയിൽ പ്രവേശിക്കുന്നതിന് വിലക്കേർപ്പെടുത്തിയത്. കൊലപാതക ശ്രമം, വീട് കയറി ആക്രമണം, സ്ത്രീകൾക്കു നേരെയുള്ള അക്രമം, കഞ്ചാവുകടത്ത് തുടങ്ങി നിരവധി കേസുകളിൽ എല്ലാവരും പ്രതികളാണ്. ഇതിൽ മുഹമ്മദ് റാഫിയെ 2023 ലും ഒരു വർഷത്തേക്ക് ജില്ലയിൽ പ്രവേശിക്കുന്നതിൽനിന്ന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. സമയപരിധി കഴിഞ്ഞതോടെ വീണ്ടും ജില്ലയിൽ പ്രവേശിച്ച് ഇയാൾ കുറ്റകൃത്യത്തിൽ ഏർപ്പെട്ടതിനെ തുടർന്നാണ് കാപ്പാ നടപടി ആവർത്തിച്ചത്.

ഇതിനിടയിൽ ക്രിസ്മസ് ദിനത്തിൽ വിലക്ക് ലംഘിച്ച് ജില്ലയിൽ പ്രവേശിച്ച മുഹമ്മദ് റാഫിയെ നൂറനാട് പോലീസ് ഇൻസ്‌പെക്ടർ എസ്. ശ്രീകുമാറിന്റെ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തിരുന്നു. ഇയാൾ ഇപ്പോൾ മാവേലിക്കര സബ് ജയിലിൽ കഴിഞ്ഞുവരികയാണ്.

എട്ടു വയസുകാരിയെ പീഡിപ്പിച്ച യുവതി പോക്സോ കേസിൽ പിടിയിൽ

● ജ്യോതി.

അമ്പലപ്പുഴ: എട്ടു വയസുകാരിയെ ലൈംഗികമായി പീഡിപ്പിച്ച യുവതി പോക്സോ കേസിൽ പിടിയിൽ. പുന്നപ്ര തെക്ക് പഞ്ചായത്ത് 14–ാം വാർഡ് പുതുവൽ വീട്ടിൽ ജ്യോതിയെയാണ് പുന്നപ്ര പോലീസ് അറസ്റ്റ് ചെയ്തത്. ദുബായിയിലെ വർക്കാ എന്ന സ്ഥലത്തുള്ള വീട്ടിൽ കുട്ടിയെ നോക്കാൻ നിന്ന യുവതി എട്ട് വയസുള്ള പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിക്കുകയായിരുന്നു.

2021 മുതൽ 2024 ജൂൺ 3 വരെയുള്ള കാലയളവിൽ പലതവണ കുട്ടിയെ പ്രകൃതിവിരുദ്ധ പീഡനത്തിന് ഇരയാക്കി എന്നതാണു കേസ്.പുന്നപ്ര പോലീസ് സ്‌റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ പ്രതിയെ ഇടുക്കിയിൽനിന്നാണ് അറസ്റ്റ് ചെയ്തത്. പുന്നപ്ര പോലീസ് സ്‌റ്റേഷൻ ഇൻസ്‌പെക്ടർ സ്‌റ്റെപ്‌റ്റോ ജോണിന്റെ നേതൃത്വത്തിൽ എസ്സ്.സി.പി.ഒമാരായ രാജേഷ്, രതീഷ്, അബൂബക്കർ സിദ്ദിഖ്, സിപി.ഒ മാരായ കാർത്തിക, സുമിത്ത് എന്നിവർ ചേർന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

തൊഴിൽ മേള രജിസ്‌ട്രേഷൻ ക്യാമ്പ് നടത്തി

ചേർത്തല: കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ തൊഴിൽദായകർക്കായി നടത്തുന്ന തൊഴിൽമേള ബ്ലോക്കുതല രജിസ്‌ട്രേഷൻ ക്യാമ്പ് നടത്തി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.എസ്. ശിവപ്രസാദ് ഉദ്ഘാടനം ചെയ്തു. എസ്.എൻ. കോളജ് ഓഡിറ്റോറിയത്തിൽ നടന്ന യോഗത്തിൽ പ്രസിഡന്റ് വി.ജി. മോഹനൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റുമാരായ കെ. സുദർശനാഭായി, ഗീതാ കാർത്തികേയൻ, ജയിംസ് ചിങ്കുതറ, സിനിമോൾ സാംസൺ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ എസ്. ഷിജി, പി.എസ്. ശ്രീലത, രജനി ദാസപ്പൻ, മിനി ബിജു, ബിജി അനിൽകുമാർ, വി. ഉത്തമൻ എന്നിവർ പ്രസംഗിച്ചു.

● പ്രസിദ്ധ തീർഥാടനകേന്ദ്രമായ പൂങ്കാവ് പള്ളിയിൽ ഉണ്ണിമിശിഹായുടെ ദർശനത്തിരുനാളിനോടനുബന്ധിച്ചു നടന്ന തിരുനാൾ പ്രദക്ഷിണം.

മന്ത്രി സജി ചെറിയാൻ ലഹരി ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നു: കെ.സി. വേണുഗോപാൽ

ആലപ്പുഴ: ലഹരി ഉപയോഗത്തെ പരോക്ഷമായി പ്രോത്സാഹിപ്പിക്കുന്നതാണ് മന്ത്രി സജി ചെറിയാന്റെ പരാമർശമെന്ന് എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം.പി. സാംസ്കാരിക മന്ത്രിയുടെ ഭാഗത്തുനിന്ന് വരാൻ പാടില്ലാത്ത പരാമർശമാണ് സജി ചെറിയാന്റെ ഭാഗത്തുനിന്നുണ്ടായത്. ലഹരിക്കെതിരെ എല്ലാവരും യോജിച്ചുനിന്നു പോരാടുകയാണു വേണ്ടത്. ലഹരി ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്ന പ്രസ്താവന മന്ത്രിയുടെ ഭാഗത്ത് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതായിരുന്നു. സമൂഹത്തിലെ ഏറ്റവും വലിയ വിപത്തായി ലഹരി ഉപയോഗം വളരുകയാണ്.

എല്ലാ കുറ്റകൃത്യങ്ങൾക്കും പ്രധാന കാരണം ലഹരി ഉപയോഗമാണ്. ലഹരി മാഫിയ കേരളത്തിൽ തഴച്ചു വളരുകയാണ്. അതിനെതിരെ നടപടിയെടുക്കേണ്ട സർക്കാരിലെ മന്ത്രിതന്നെ പരോക്ഷമായി ലഹരി ഉപയോഗത്തെ പ്രോത്സാഹിപ്പിച്ചത് ദൗർഭാഗ്യകരമാണെന്നും കെ.സി വേണുഗോപാൽ കൂട്ടിച്ചേർത്തു.

വാർത്ത നൽകിയതിന്റെ പേരിൽ യു. പ്രതിഭ എം.എൽ.എ മാധ്യമപ്രവർത്തകന്റെ മതം പറഞ്ഞ് ആക്ഷേപിച്ച നടപടി ശരിയല്ലെന്നും വേണുഗോപാൽ പറഞ്ഞു. അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ വാർത്തയെ വിമർശിക്കാം. പക്ഷേ പറയേണ്ട രീതിയിൽ പറയണം. മതം വലിച്ചിഴക്കുന്നതെന്തിനാണ്? വർഗീയമായി ചിത്രീകരിക്കാൻ ശ്രമിക്കുന്നത് മോശമായ രീതിയാണെന്നും കെ.സി. വേണുഗോപാൽ പറഞ്ഞു.

ജാഗ്രതൈ....

ജില്ലയിൽ ഒരുവർഷത്തിനിടെ പിടികൂടിയത് 982 വിഷപ്പാമ്പുകളെ

● പാമ്പുകൾ ഇണചേരുന്ന സമയമായതിനാൽ കൂടുതൽ മുൻകരുതലുകൾ ആവശ്യമെന്ന് വിദഗ്ധർ

ആലപ്പുഴ: ജില്ലയിൽ ഒരുവർഷത്തിനിടെ വൊളന്റിയർമാരെത്തി പിടികൂടിയത് 982 പാമ്പുകളെ. അതിനാലും വിഷപ്പാമ്പുകൾ ഇണചേരുന്ന സമയമായതിനാലും ജനങ്ങൾ കൂടുതൽ ജാഗ്രൂകരായിരിക്കണമെന്ന് വിദഗ്ധർ. വനം വകുപ്പിന്റെ സർപ്പ ആപ്പ് (സ്നേക്ക് അവയർനെസ് റെസ്‌ക്യൂ ആൻഡ് പ്രൊട്ടക്ഷൻ ആപ്പ്) വഴി ലഭിച്ച വിവരത്തെത്തുടർന്ന് പരിശീലനം ലഭിച്ച വൊളന്റിയർമാരെത്തി പിടിച്ചുകൊണ്ടുപോയ പാമ്പുകളുടെ എണ്ണമാണിത്. മൂർഖൻ (354), അണലി (106) എന്നീ വിഷപ്പാമ്പുകളായിരുന്നു ഏറ്റവും കൂടുതൽ. ജനം നേരിട്ടു കൈകാര്യം ചെയ്ത പാമ്പുകൾ വേറെ.

നവംബർ മുതൽ ജനുവരി വരെ വിഷപാമ്പുകൾ ഇണചേരുന്ന കാലമാണ്. വിഷപാമ്പുകളായ അണലിയും മൂർഖനും ഇണചേരുന്ന സമയം. അതിനാൽ ഇവ നമ്മുടെ പരിസരത്ത് എത്താതെ സൂക്ഷിക്കണമെന്ന് വിദഗ്ദർ മുന്നറിയിപ്പ് നൽകുന്നു. മുട്ട വിരിഞ്ഞു കുഞ്ഞുങ്ങൾ പുറത്തുവരുന്നതു ഫെബ്രുവരി ഏപ്രിൽ മാസങ്ങളിലാണ്. അതിനാൽ ഏപ്രിൽ വരെ പാമ്പുകളെ വീടിനരികിലും വഴിയിലുമൊക്കെ പ്രതീക്ഷിക്കാം.

2024 ൽ പാമ്പുകടിയേറ്റു മരണം റിപ്പോർട്ട് ചെയ്തത് പുളിങ്കുന്നിലാണ്. ജില്ലയിൽ 39 ഔദ്യോഗിക സ്നേക്ക് റെസ്‌ക്യുവർമാരുണ്ട്. സർപ്പ ആപ്പ് വഴിയോ വനം ഓഫീസുകളിലോ അറിയിച്ചാൽ അവർ സഹായത്തിനെത്തും. ഉഗ്രവിഷമുള്ള പാമ്പുകളാണെങ്കിൽ റാന്നി ഡിഎഫ്ഒയിൽ നിന്നു ദ്രുതപ്രതികരണ സേന (ആർ.ആർ.ടി) എത്തും.

പിടിക്കുന്ന പാമ്പിനെ അതിന്റെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ പിന്നീടു തുറന്നു വിടും.

പാമ്പുകടിയേറ്റാൽ ഉടൻ വൈദ്യസഹായം തേടണം

പാമ്പുകടിയേറ്റാൽ പ്രഥമ ശുശ്രൂഷ നൽകിയ ശേഷം വേഗത്തിൽ ആശുപത്രിയിലെത്തിക്കണം. നാട്ടുചികിത്സകരെ തേടി പോകരുത്. മെഡിക്കൽ കോളജ്, ആലപ്പുഴ ജനറൽ ആശുപത്രി, മാവേലിക്കര, ചെങ്ങന്നൂർ ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ പാമ്പുവിഷ ചികിത്സയുണ്ട്. പാമ്പു കടിയേറ്റ ഭാഗം അനക്കരുത്. പാമ്പിന്റെ കടിയേറ്റാൽ അടുത്തുനിൽക്കുന്നവരുടെ വെപ്രാളം കടിയേറ്റ വ്യക്തിയെ ഏറ്റവും ദോഷകരമായി ബാധിക്കും.

ഇവ ശ്രദ്ധിക്കുക

ചൂടിന്റെ കാഠിന്യം കൂടുന്നതനുസരിച്ച് വിഷപാമ്പുകൾ കാടു വിട്ട് വീടുകളിലേക്കെത്തുന്നത് വർധിക്കും. കനത്ത ചൂടും വനനശീകരണവും കാരണം മാളങ്ങളിൽ നിന്നു പുറത്തേക്കിറങ്ങുന്ന വിഷപാമ്പുകൾ വീടുകളുടെ മുറിക്കുള്ളിൽ നിന്നും കിണറുകളിൽ നിന്നുമായി അടുത്ത കാലത്ത് പിടികൂടിയിട്ടുണ്ടെന്ന്

വനം വകുപ്പ് അധികൃതർ പറയുന്നു. മൂർഖൻ പാമ്പുകളെയാണ് കൂടുതലായി കണ്ടു വരുന്നത്.

വിറക് പുരയിൽ നിന്ന് പാമ്പ് കടിയേറ്റ സംഭവങ്ങൾ നിരവധി ഉണ്ടായിട്ടുണ്ട്. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക എന്നത് പ്രധാനമാണ്.

ഉപയോഗശൂന്യമായ വസ്തുക്കളും ചപ്പ് ചവറുകളും വീടിന് സമീപം കൂട്ടിയിടരുത്. പാദരക്ഷകളും ഷൂസും ഹെൽമെറ്റും ധരിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം. പാദരക്ഷകൾ വീടിനോട് ചേർന്ന് കൂട്ടിയിടരുത്. വീടിന്റെ പരിസരത്ത് വിറകുകൾ കൂട്ടിയിടരുത്. വിറകുകൾ ചാരിവെയ്ക്കാൻ ശ്രദ്ധിക്കണം. എലികളെ തേടി പാമ്പുകൾ വിറകിനടിൽ എത്തുന്നതിനാൽ വിറക് വാരിവലിച്ചിടാതെ സൂക്ഷിക്കണം.

നായ, പൂച്ച, കാക്ക എന്നിവ പ്രത്യേകം ശബ്ദം പുറപ്പെടുവിച്ചാലോ എന്തിനെയെങ്കിലും സൂക്ഷമായി നിരീക്ഷിക്കുന്നത് കണ്ടാലോ ഉടൻ ശ്രദ്ധിക്കണം. സന്ധ്യാസമയത്ത് പുറത്തേയ്ക്ക് കാലിട്ടിരിക്കുകയോ മുൻവാതിലുകളും പിൻവാതിലുകളും തുറന്ന് ഇടുകയോ ചെയ്യരുത്.

. മൂർഖൻ പാമ്പുകൾ പകലും രാത്രിയും സഞ്ചരിക്കുന്നതിനാൽ രാത്രി വെളിച്ചമില്ലാതെ സഞ്ചരിക്കരുത്.

വീടിന് ഒരു മീറ്റർ അകലം വരെയെങ്കിലും മരങ്ങളോ ചെടികളോ ഉണ്ടാവാതിരിക്കുന്നതാണ് പാമ്പുകൾ അകത്തു കയറാതിരിക്കാൻ നല്ലത്. ചുമരിൽ പിടിച്ച് അത്യാവശ്യം ഉയരത്തിലുള്ള ജനലിന്റെ കമ്പികളിലേക്കും ചേരയ്ക്കും മൂർഖനും പിടിയെത്തിക്കാൻ പറ്റും. ഇത്തരം കാര്യങ്ങൾ ശ്രദ്ധിച്ചാൽ പാമ്പിന്റെ കടിയേൽക്കുന്നത് ഒഴിവാക്കാം.

മൂന്നുവർഷംവരെ തടവ്

പാമ്പിനെ കൊല്ലുന്നതു നിയമവിരുദ്ധമാണ്. മൂന്നുവർഷം വരെ തടവും 22,000 രൂപ പിഴയുമാണ് ശിക്ഷ. വീട്ടിലോ പരിസരത്തോ പാമ്പിനെ കണ്ടാൽ സർപ്പ ആപ്പിലോ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ നമ്പറിലോ അറിയിക്കുക.

ചില പാമ്പുകൾ വിഷമില്ലാത്തവയാണ്. ചേര പോലുള്ളവ ഏറ്റവും ഉപകാരിയുമാണ്. ചില പാമ്പുകൾ ഉഗ്രവിഷമുള്ളതുമാണ്.

സഹായത്തിനായി ബന്ധപ്പെടാം

പ്ലേസ്‌റ്റോറിൽ നിന്നോ ആപ്സ്‌റ്റോറിൽ നിന്നോ സർപ്പ ഡൗൺലോഡ് ചെയ്യാം. റേഞ്ച് ഫോറസ്റ്റ് ഓഫീസർ (ചെങ്ങന്നൂർ): 82810 04595. അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ആലപ്പുഴ: 9447 979131. ജില്ലാ ഫെസിലിറ്റേറ്റർ: 94463 87512. ഡിവിഷൻ എമർജൻസി ഓപ്പറേഷൻസ് സെന്റർ: 91884 07515.

മന്ത്രി സജി ചെറിയാൻ രാജിവയ്ക്കണം: ഗാന്ധി ദർശൻ സമിതി

ആലപ്പുഴ: വിദ്യാർഥികൾക്കിടയിലെ മദ്യം, മയക്കുമരുന്ന് ഉപയോഗത്തെ പ്രോൽസാഹിപ്പിക്കുന്ന രീതിയിൽ പരസ്യപ്രസ്താവന നടത്തിയ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഒരു നിമിഷംപോലും ആസ്ഥാനത്തിരിക്കാൻ യോഗ്യനല്ലാത്തതിനാൽ ഉടൻ രാജിവയ്ക്കണമെന്ന് ഗാന്ധിദർശൻ സമിതി അവശ്യപ്പെട്ടു.മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിൽനിന്നും യുവതലമുറയെയും സമൂഹത്തേയും രക്ഷിക്കേണ്ടതിന് കൂടുതൽ ബോധവത്കരണ പരിപാടികളുമായി ഗാന്ധിദർശൻ സമിതി പ്രചരണം നടത്തുമെന്ന് ജില്ലാ പ്രവർത്തക യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസ്ഥാന ജനറൽ സെക്രട്ടറി പരശുവക്കൽ രാധാകൃഷ്ണൻ അറിയിച്ചു.

മഹാത്മാഗാന്ധി കോൺഗ്രസ് പ്രസിഡന്റായതിന്റെ 100–ാം വാർഷികം ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും സമുചിതമായി ആചരിക്കുവാൻ യോഗം തീരുമാനിച്ചു.ജില്ലാ പ്രസിഡന്റ് സി.കെ വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാന സെക്രട്ടറി അഡ്വ. എസ്. രാജേഷ്, ആർ.വി ഇടവന, വത്സലാ ബാലകൃഷ്ണൻ, ഷൗക്കത്ത് വള്ളികുന്ന് തുടങ്ങിയവർ പ്രസംഗിച്ചു.

മന്ത്രി സജി ചെറിയാൻ നിരന്തരം സത്യപ്രതിജ്ഞാ ലംഘനം നടത്തുന്നു: ഗാന്ധിയൻ ദർശനവേദി

ആലപ്പുഴ: മന്ത്രി സജി ചെറിയാൻ മന്ത്രിയായ കാലം മുതൽ പല വിഷയങ്ങളിലും തോന്നിയ അഭിപ്രായങ്ങൾ വിളിച്ചുപറയുന്നത് സത്യപ്രതിജ്ഞാ ലംഘനമാണന്ന് ഗാന്ധിയൻ ദർശന വേദി ജില്ലാ യോഗം അഭിപ്രായപ്പെട്ടു.

ഗാന്ധിയൻ ദർശന വേദിയുടെ ആഭിമുഖ്യത്തിൽ വിശ്വശാന്തി ദിനം സമുചിതമായി ആചരിക്കുന്നതിനുവേണ്ടി കൂടിയ ആലോചനായോഗം ഗാന്ധിയൻ ദർശന വേദി ചെയർമാൻ ബേബി പാറക്കാടൻ ഉദ്ഘാടനം ചെയ്തു.

മന്ത്രിയുടെ അഭിപ്രായപ്രകടനങ്ങൾ സമൂഹത്തിന് തെറ്റായ സന്ദേശം നൽകുമെന്നും ഇത് സത്യപ്രതിജ്ഞാ ലംഘനമാണെന്നും ബേബി പാറക്കാടൻ പറഞ്ഞു.

ഗാന്ധിയൻ ദർശന വേദി ജില്ലാ പ്രവർത്തക സമ്മേളനത്തിൽ ജില്ലാ പ്രസിഡന്റ് ഹക്കീം മുഹമ്മദ് രാജാ അധ്യക്ഷത വഹിച്ചു.

എം.ഇ. ഉത്തമക്കുറുപ്പ്, എം.ഡി. സലീം, ജോർജ് തോമസ് ഞാറക്കാട്, ബിനു മദനൻ, ദിലീപ് ചെറിയനാട്, തോമസ് ജോൺ, ലൈസമ്മ ബേബി, ഡി.ഡി. സുനിൽകുമാർ എന്നിവർ സംസാരിച്ചു.

● വാക്കു പാലിച്ച് എം.എ. യൂസഫലി

ജസീമിന്റെ വീട്ടിലെത്തി പുതിയ ഇലക്ട്രിക് വീൽചെയർ കൈമാറി

ആലപ്പുഴ: ജന്മനാ വൈകല്യം ബാധിച്ച ജസീമിനു നൽകിയ വാക്ക് പാലിച്ച് പ്രമുഖ വ്യവസായി എം.എ യൂസഫലി. ഒരു ഇലക്ട്രിക് വീൽചെയർ വേണമെന്ന ജസീമിന്റെ ആഗ്രഹം എം.എ യൂസഫലി സാധിച്ചുനൽകി. ജന്മനാ സെറിബ്രൽ പാഴ്സി ബാധിച്ച ഹരിപ്പാട് മുട്ടം നൈസാം മൻസിലിൽ ജസീം മുഹമ്മദിനാണ് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിയുടെ സാന്ത്വനഹസ്തമെത്തിയത്.

ഇരട്ടകളായി ജനിച്ച ജസീമിന് സഹോദരനെപ്പോലെ നടക്കാൻ സാധിച്ചിരുന്നില്ല. പരിശോധനയിലാണ് സെറിബ്രൽ പാഴ്സിയാണ് അസുഖമെന്ന് കണ്ടെത്തിയത്. പിന്നാലെ ജസീമിനെ മാതൃസഹോദരനായ അബ്ദുൾ മനാഫ് വളർത്തുകയായിരുന്നു.

നടുവട്ടം വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിൽനിന്ന് പരിമിതികൾക്കുള്ളിലും പ്ലസ് ടു വിദ്യാഭ്യാസം ജസീം സ്വന്തമാക്കി. ഒരു ഇലക്ട്രിക് വീൽചെയർ ലഭിച്ചാൽ പരസഹായമില്ലാതെ തനിക്ക് സ്വന്തമായി ചലിക്കാം എന്നതായിരുന്നു ഇരുപത്തിമൂന്നുകാരൻ ജസീമിന്റെ ആഗ്രഹം. പിന്നാലെയാണ് സഹായം അഭ്യർഥിച്ച് എം.എ. യൂസഫലിക്ക് മെയിൽ അയക്കാൻ മാതൃസഹോദരൻ അബ്ദുൾ മനാഫ് തീരുമാനിക്കുന്നത്.

കഴിഞ്ഞ ഓഗസ്റ്റ് ആറിന് യൂസഫലിയുടെ ഓഫീസിലേക്ക് ഈ മെയിൽ അപേക്ഷ അയച്ചു. മെയിലിന് മറുപടിയുമായി ജസീമിന്റെ അവസ്ഥ തിരക്കിയറിയാൻ ലുലു പ്രതിനിധികളും എത്തി. ഹരിപ്പാട് സബർമതി സ്കൂൾ സന്ദർശന വേളയിൽ ജസീമിനെ എം.എ യൂസഫലി നേരിൽ കണ്ടതും ഭാഗ്യമായി.'ഇലക്ട്രിക് വീൽചെയർ വീട്ടിലെത്തും, നീ ധൈര്യമായി ഇരുന്നോ' എന്നായിരുന്നു ജമീമിന്റെ തോളിൽ തട്ടി എം.എ യൂസഫലി മറുപടി നൽകിയത്.കഴിഞ്ഞദിവസം ലുലു മീഡിയ ഇന്ത്യ ഹെഡ് എൻ.ബി സ്വരാജ് ലുലുഗ്രൂപ്പ് ചെയർമാന്റെ നിർദേശപ്രകാരം വീട്ടിലെത്തി പുതിയ ഇലക്ട്രിക് വീൽചെയർ കൈമാറി. ഇലക്ട്രിക്ക് വീൽചെയറിൽ ഇരുന്നു സഞ്ചരിച്ചപ്പോൾ ജസീമിന്റെ മനസും ഹാപ്പിയായി.

● ജസീം മുഹമ്മദിന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി സമ്മാനിച്ച ഇലക്ട്രിക് വീൽചെയർ ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി. സ്വരാജ് കൈമാറുന്നു.

സ്വന്തമായി എന്തെങ്കിലും തൊഴിൽ കണ്ടെത്തണമെന്നതാണ് ജസീമിന്റെ ആഗ്രഹം. ബിസിനസോ ഉപജീവനമോ നടത്താൻ ഈ വീൽചെയർ കൊണ്ട് സാധിക്കുമെന്നും യൂസഫലി സാറിനോട് പറഞ്ഞറിയിക്കാൻ കഴിയാത്ത നന്ദിയെന്നും ജസീം പ്രതികരിച്ചു

BEFORE THE HON'BLE FAMILY COURT MAVELIKKARA

MC 82/22
In Crl MP 290/24
291/24

Petitioner/Respondent : Rahul Radhakrishnan, rep by its PAH father Radhakrishnan, Vattayuzhathil House, Perissery P.O., Chengannur.

Respondent/Petitioner : Sruthy Krishnan, Swathi Bhavan, Arunnoottimangalam P.O., Vettiyar.

Notice to the Respondent/Petitioner.

The notice sent to the Respondent/Petitioner in the above numbered petitions and is returned unserved. Take notice that the said petitions are posted for your appearance in the Crl MP 290/24 and 291/24 on 23.1.25 at 11 a.m. Take notice that in default of your appearance on the date mentioned above, in person or through pleader, the Crl MP's will be heard and determined in your absence.

By order,
Sheristadar (Sd/-)

Adv. Joseph George (Sd/-)
Counsel for the Petitioner/Respondent

TATA

ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

രജി.ഓഫീസ്: 11ാം നില, ടവർ എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപതിറാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ - 400013. ബ്രാഞ്ച് വിലാസം: ടാറ്റാ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, ജെയിൻ ടവർ 2, എൻഎച്ച് 17, ലുലു മാളിനു സമീപം, കൊച്ചി 682024, കേരളം.

സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള അറിയിപ്പ്

2002ലെ സെക്യൂരിറ്റി ഇൻററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് - റൂൾ 9(1) നൊപ്പം റൂൾ 8(6) പ്രകാരം

സെക്യൂരൈറ്റേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് സെക്യൂരിറ്റി ഇൻററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് റൂൾ 9 (1) നൊപ്പം റൂൾ 8(6) വ്യവസ്ഥയനുസരിച്ചു സ്ഥാവര ആസ്തികൾ വിൽക്കു ന്നതിനു ള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.

ഈ നോട്ടീസ് പ്രകാരം പൊതുവെ പൊതുജനങ്ങൾക്കും, പ്രത്യേകിച്ച് താഴെപ്പയുന്ന വായ്പക്കാർക്കും/സഹവായ്പക്കാരനും അല്ലെങ്കിൽ അവരുടെ നിയമപരമായ അവകാശികൾ/പ്രതിനിധികൾ (വായ്പക്കാർ) ക്കും അറിയിക്കുന്നത് താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്ത് ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിൻെറ (ടിസിഎച്ച്എഫ്എൽ), അംഗീകൃത ഓഫീസർ കൈക്കലാക്കിയ കൈവശം, 'എവിടെയുണ്ടോ' അവിടെ, എങ്ങനെയാണോ അങ്ങിനെ എന്താണോ അതുപോലെ എന്ന വ്യവസ്ഥയിൽ താഴെപ്പറയുന്ന വായ്പക്കാരിൽ നിന്നും സഹവായ്പക്കാരിൽ നിന്നുമുള്ള കുടിശ്ശികകൾ ഈടാക്കുന്നതിന് വീണ്ടെടുപ്പില്ലാത്ത വിധത്തിൽ 23-01-2025 ന് വിൽക്കുന്നതായിരിക്കും, കരുതൽ തുകയും നിരതദ്രവ്യവും ചുവടെ പരാമർശിച്ചിരിക്കുന്നു. വിൽപന നീട്ടിവെക്കുകയോ / നിർത്തലാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ, പ്രസ്തുത സുരക്ഷിതമായ ആസ്തി/വസ്തു 23-01-2025 ന് ഉച്ചയ്ക്ക് 2.00 മണിക്ക് ഇലേലം വഴി വിൽക്കുന്നതായിരിക്കും. ഇലേലത്തിൽ പങ്കെടുക്കുന്നതിനുള്ള നിരതദ്രവ്യത്തിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് അടങ്ങിയ സീൽ ചെയ്ത കവർ ടിസിഎച്ച്എഫ്എൽ ന്റെ അംഗീകൃത ഓഫീസർക്ക് 22-01-2025 ന് വൈകുന്നേരം 5.00 മണി വരെയോ അതിനു മുമ്പോ ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ ജെയിൻ ടവർ-2, ലുലു മാളിന് സമീപം, ഇടപ്പള്ളി, കൊച്ചി 682024, കേരളം എന്ന ബ്രാഞ്ചിൽ സമർപ്പിക്കേണ്ടതാണ്. , സുരക്ഷിതവസ്തുവിൻെറ/സ്ഥാവരവസ്തുവിൻെറ വിൽപന എന്താണോ അത് എന്ന വ്യവസ്ഥയനുസരിച്ച താഴെപ്പറയുന്ന സംക്ഷിപ്ത വിവരപ്രകാരം ആയിരിക്കും.

ക്രമ നം.	ലോൺ അക്കൗണ്ട് നമ്പർ	ബാധ്യതക്കാരൻ/നിയമപരമായ അവകാശി/നിയമപരമായ പ്രതിനിധിയുടെ പേര്	ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക	കരുതൽ തുക	നിരതദ്രവ്യം	ഏറ്റെടുക്കൽ സ്വഭാവം	നിലനിൽക്കുന്ന കുടിശിക 30/12/2024 തീയതിയനുസരിച്ച്
1	9104910 & 9102027	M/s കയർ ടഫ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, ടോം ജോസഫ് ജോസ് ജോസഫ് അജിത് ഗോപിദാസ്, ഗോപിദാസ് ഡി	എൽഎഎൻ നം. 9104910 ന് കീഴിൽ രൂപ. 1,15.24,155/- ഉം എൽഎഎൻ നം.9102027 ന് കീഴിൽ രൂപ. 12.13.198/- ഉം ചേർത്ത് ആകെ രൂപ 1,27,37,353/- തീയതി -08-04-2019	രൂപ. 1,75,00,000/ (ഒരു കോടി (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)	രൂപ. 17,50,000/- (രൂപ പതിനേഴുലക്ഷത്തി എഴുപത്തിയയ്യായിരം മാത്രം)	ഭൗതികം	രൂപ. 2,62,31,475/- കരാർ നമ്പർ 9104910 അനുസരിച്ചും രൂപ. 20,37,475/- കരാർ നമ്പർ 9102027 പ്രകാരവും രണ്ടും കൂടി ചേർത്ത് മൊത്തം രൂപ. 2,82,68,950/- കുടിശികയായിരിക്കുന്നത് നിങ്ങൾ അടയ്ക്കേണ്ടതാണ്.

സ്ഥാവര സ്വത്തിന്റെ വിവരണം: ജില്ല: ആലപ്പുഴ, ഉപജില്ല: പുത്തമ്പലം, താലൂക്ക്: ചേർത്തല, ഫർക്ക: ചേർത്തലവില്ലേജ്: കഞ്ഞിക്കുഴി, മുറി: ചാരമംഗലം, പഞ്ചായത്ത്: കഞ്ഞിക്കുഴി, പഴയ സർവേ നമ്പർ. 347/6, 347/6/6, 347/6/7, 347/9എ, 347/9ബി/2, റീസർവ്വേ നം. 194/8, 194/7/2, 194/5, 194/3 ൽ 42.4 ആർ വിസ്തീർണ്ണമുള്ള വസ്തുവും മുഴുവൻ ഭാഗവും നിർമിതം: സർവ്വേ നമ്പർ 194/8ൽ 10.85 ആർ, റീസർവ്വേ നം. 194/7/2ൽ 8.10 ആർ റീസർവ്വേ നം. 194/5, ൽ 6.65 ആർ, റീസർവ്വേ നം. 194/3ൽ 16.80 ആർ, നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തോടൊപ്പം: ചേർത്തല താലൂക്കിലെ കഞ്ഞിക്കുഴി വില്ലേജിൽ, പുത്തനമ്പലം സബ് രജിസ്ട്രേഷൻ ജില്ലയിൽ ആലപ്പുഴ രജിസ്ട്രേഷൻ ജില്ലയിൽ. താഴെ പറയുന്ന അതിരുകൾ: കിഴക്ക്: ശ്രീ. ഷിബുവിന്റെ സ്വത്ത്, പടിഞ്ഞാറ്: എൻ.എച്ച്. 47, തെക്ക്: തിരുവിഴ പുത്തനമ്പലം റോഡ് പ്രോപ്പർട്ടി, വടക്ക്: ശ്രീ പ്രതിഭാപ്പിള്ളിയുടെയും രഞ്ജിത്തിന്റെയും, പഞ്ചായത്ത് റോഡിന്റെയും വസ്തു.കുറിപ്പ്: ടിസിഎച്ച്എഫ്എൽ ന് (SA/522/2023) എതിരെ വായ്പക്കാരൻ ഫയൽ ചെയ്ത എസ്എ, ഡിആർടി 2, എറണാകുളം, മുമ്പാകെ തീർപ്പാക്കിയിട്ടില്ല, പ്രസ്തുത കേസിൽ ടിസിഎച്ച്എഫ്എൽ ന് എതിരെ സ്റ്റേ ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല. ബിഡ് സമർപ്പിക്കുന്നതിന് മുമ്പ് ലേലക്കാർ കൃത്യമായ സൂക്ഷ്മത പുലർത്താൻ നിർദ്ദേശിക്കുന്നു. ലേലം വ്യവഹാരത്തിന്റെ ഫലത്തിന് വിധേയമായിരിക്കും.

ലേലത്തിൽ, പൊതുജനങ്ങളെ പൊതുവെ അവരുടെ ബിഡ്(കൾ) വ്യക്തിപരമായി സമർപ്പിക്കാൻ ക്ഷണിക്കുന്നു. വായ്പക്കാർ/സഹവായ്പക്കാർ എന്നിവർക്ക് ഇതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ മൊത്തം കുടിശ്ശിക തുടർ പലിശ സഹിതം അടയ്ക്കാനുള്ള അവസാന അവസരം നൽകിയിരിക്കുന്നു. ഇല്ലെങ്കിൽ സ്ഥാവരവസ്തുക്കൾ ഷെഡ്യൂൾ അനുസരിച്ച് വിൽക്കുന്നതായിരിക്കും. മേൽപ്പറഞ്ഞ പ്രകാരമുള്ള തുക, പലിശയും ചെലവും (വിൽപ്പനച്ചെലവ് ഉൾപ്പെടെ) ലേല തീയതിക്ക് മുമ്പ് അടച്ച് അംഗീകൃത ഓഫീസർക്ക് ടെൻഡർ ചെയ്യുകയോ അത്തരത്തിലുള്ള സുരക്ഷിതമായ വായ്പയും പലിശയും ചെലവും അടക്കമുള്ള അടച്ച തുക അദ്ദേഹത്തിന് തൃപ്തികരമാണെന്ന് തെളിയിക്കുകയോ ചെയ്യുന്ന പക്ഷം ഇ ലേലം നിർത്തുന്നതായിരിക്കും. ഈ വിൽപനയുമായി ബന്ധപ്പെട്ട് എന്തെങ്കിലും ചുമതലയുള്ള ഒരു ഉദ്യോഗസ്ഥനോ മറ്റ് വ്യക്തിയോ, നേരിട്ടോ അല്ലാതെയോ ലേലം വിളിക്കരുതെന്നും അല്ലെങ്കിൽ വിറ്റ സ്ഥാവര സ്വത്തിൽ എന്തെങ്കിലും താൽപ്പര്യം നേടാൻ ശ്രമിക്കുകയോ ചെയ്യരുതാത്തതുമാകുന്നു. .
2002 ലെ സെക്യൂരിറ്റി (എൻഫോഴ്സ്മെന്റ്) ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾക്കും ഇനിപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായാണ് വിൽപ്പന.
കുറിപ്പ്: ഇലേലം http://bankauctions.in/ എന്ന പോർട്ടലിലൂടെ 23-01-2025 ന് ഉച്ചയ്ക്ക് 2.00 മുതൽ 3.00 വരെ നടക്കും.10 മിനിറ്റ് വീതം പരിമിത വിപുലീകരണം.

നിബന്ധനകളും വ്യവസ്ഥകളും: 1. ചുവടെയുള്ള ഷെഡ്യൂളിൽ വ്യക്തമാക്കിയിട്ടുള്ള വിശദാംശങ്ങൾ താഴെ ഒപ്പിട്ടിരിക്കുന്നവരുടെ ഏറ്റവും മികച്ച വിവരങ്ങൾക്കായി പ്രസ്താവിച്ചിട്ടുണ്ട്, എന്നാൽ ഈ പ്രഖ്യാപനത്തിലെ ഏതെങ്കിലും പിശക്, തെറ്റിദ്ധാരണ അല്ലെങ്കിൽ ഒഴിവാക്കൽ എന്നിവയ്ക്ക് താഴെ ഒപ്പിട്ടവർ ഉത്തരവാദികളായിരിക്കില്ല. ബിഡ് തുകയുടെ കാര്യത്തിലോ ലേലം വിളിച്ചയാളെ സംബന്ധിച്ചോ എന്തെങ്കിലും തർക്കം ഉണ്ടായാൽ, അംഗീകൃത ഉദ്യോഗസ്ഥന്റെ വിവേചനാധികാരത്തിന് വിധേയമായി സ്ഥാവര സ്വത്ത് ഒരിക്കൽ കൂടി ലേലത്തിൽ വയ്ക്കുന്നതാണ്. 2. സ്ഥാവര വസ്തുക്കൾ കരുതൽ വിലയ്ക്ക് താഴെ വിൽക്കാൻ പാടില്ല. 3. ബിഡ് ഇൻക്രിമെന്റ് തുക രൂപ: 10,000/ (പതിനായിരം രൂപ മാത്രം) ആയിരിക്കും. 4.വസ്തു വാങ്ങുന്നതിനായി സമർപ്പിച്ച എല്ലാ ബിഡുകൾക്കുമൊപ്പം ടാറ്റ കാപ്പിറ്റൽ ഹൗസിങ് ഫിനാലൻസ് ലിമിറ്റഡിന്റെ പേരിൽ ബ്രാഞ്ച് അഡ്രസിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ഉണ്ടായിരിക്കണം. വിജയിയാകാത്ത ലേലക്കാർക്ക് ഡിമാൻഡ് ഡ്രാഫ്റ്റ് തിരികെ നൽകുന്നതായിരിക്കും. നിരതദ്രവ്യം NEFT/RTGS/IMPS, എന്നിവയായി നൽകുന്നതിന് ദയവായി അംഗീകൃത ഓഫീസറെ ബന്ധപ്പെടുക. 5. ഏറ്റവും ഉയർന്ന ലേലക്കാരനെ വിജയിയായ ലേലക്കാരനായി പ്രഖ്യാപിക്കും, അവൻ/അവൾ എപ്പോഴും ലേലം ചെയ്യാൻ നിയമപരമായി യോഗ്യനായിരിക്കുകയും കൂടാതെ ബിഡ് തുക കരുതൽ വിലയേക്കാൾ കുറവല്ലാതിരിക്കുകയും ചെയ്യണം.
ഓഫർ ചെയ്ത വില വ്യക്തമായി വളരെ അപര്യാപ്തമാണെന്ന് തോന്നുമ്പോൾ, ഏറ്റവും ഉയർന്ന ബിഡ് സ്വീകരിക്കുന്നത് നിരസിക്കാൻ അംഗീകൃത ഓഫീസറുടെ വിവേചനാധികാരത്തിൽ പെടുന്നതായിരിക്കും. 6. രേഖപ്പെടുത്തിയിരിക്കുന്ന കാരണങ്ങളാൽ, വിൽപ്പന നീട്ടിവെക്കുക/നിർത്തുക എന്നത് അംഗീകൃത ഉദ്യോഗസ്ഥന്റെ വിവേചനാധികാരത്തിലായിരിക്കും. , 7. സ്ഥാവര വസ്തുക്കളുടെ പരിശോധന 17-01-2025 ന് 11 എ.എം. മുതൽ 5.00 പി.എം. വരെ മുൻകൂർ അനുമതിയോടെ നടത്താം. 8. വിജയിയായ ലേലക്കാരനായി പ്രഖ്യാപിക്കപ്പെട്ട വ്യക്തി, അത്തരം പ്രഖ്യാപനത്തിന് ശേഷം, വാങ്ങൽ പണത്തിന്റെ / ലേല തുകയുടെ ഇരുപത്തഞ്ച് ശതമാനം ഇഎംഡി തുക ഉൾപ്പെടുന്നത് അംഗീകൃത ഓഫീസർക്ക് 24 മണിക്കൂറിനുള്ളിൽ നിക്ഷേപിക്കേണ്ടതാണെന്നും വീഴ്ച വരുത്തിയാൽ സ്വത്ത് ഉടനടി സ്വകാര്യ ഉടമ്പടി പ്രകാരം പുതിയ ലേലത്തിന്/വിൽപ്പനയ്ക്ക് വെക്കും. 9. മുകളിൽ പറഞ്ഞ പ്രകാരം പ്രാരംഭ നിക്ഷേപം നടത്തിയാൽ, വാങ്ങുന്ന പണത്തിന്റെ ബാക്കി തുക വാങ്ങുന്നയാൾ അംഗീകൃത ഓഫീസർക്ക് പ്രോപ്പർട്ടി വിൽപന സ്ഥിരീകരിച്ച തീയതി മുതൽ 15ാം ദിവസത്തിലോ അതിന് മുമ്പോ നൽകണം. അത്തരം ദിവസം, അല്ലെങ്കിൽ 15-ാം ദിവസം ഞായറാഴ്ചയോ മറ്റ് അവധി ദിവസമോ ആണെങ്കിൽ, 15-ാം ദിവസത്തിന് ശേഷമുള്ള ആദ്യത്തെ ഓഫീസ് ദിവസം നൽകേണ്ടതാണ്. 10. മുകളിൽ സൂചിപ്പിച്ച കാലയളവിനുള്ളിൽ ഏതെങ്കിലും പണമടവിൽ വീഴ്ച വരുത്തിയാൽ, സ്വത്ത് സ്വകാര്യ ഉടമ്പടി പ്രകാരം പുതിയ ലേലത്തിന്/വിൽപ്പനയ്ക്ക് വെക്കും. ഇഎംഡി ഉൾപ്പെടെയുള്ള നിക്ഷേപം ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ലിമിറ്റഡ് കണ്ടുകെട്ടും, വീഴ്ച വരുത്തുന്ന വാങ്ങുന്നയാൾക്ക് വസ്തുവിന്റെ എല്ലാ അവകാശങ്ങളും നഷ്ടപ്പെടും. 11. സ്വത്ത് സംബന്ധിച്ച് ടാറ്റ കാപ്പിറ്റൽ ഹൗസിങ് ഫിനാലൻസ് ലിമിറ്റഡിന് അറിയാവുന്ന ഏതെങ്കിലും ബാധ്യതകളുടെ വിശദാംശങ്ങൾ മുകളിലുള്ള പട്ടിക പ്രകാരമായിരിക്കും. ക്ലെയിമുകൾ, സ്വത്തിനും അതിന്റെ സ്വഭാവത്തെയും മൂല്യത്തെയും ബാധിക്കുന്ന മറ്റേതെങ്കിലും അറിയപ്പെടുന്ന വിശദാംശങ്ങളിലേക്കും മുന്നോട്ട് വച്ചിട്ടുണ്ടെങ്കിൽ: മുകളിലുള്ള പട്ടിക പ്രകാരം. പ്രോപ്പർട്ടി ടാക്സ്, ഇലക്ട്രിസിറ്റി മുതലായവയുടെ നിയമപരമായ ബാധ്യതകൾ ഉൾപ്പെടെയുള്ള സ്വത്തിന്റെ മേലുള്ള ബാധ്യതകളെ കുറിച്ച് സ്വതന്ത്രമായ അന്വേഷണങ്ങൾ നടത്താൻ പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന ലേലക്കാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 12. മറ്റേതെങ്കിലും വിശദാംശങ്ങൾക്ക് അല്ലെങ്കിൽ ഇലേലത്തെക്കുറിച്ചുള്ള ഓൺലൈൻ പരിശീലനത്തിനുള്ള നടപടിക്രമങ്ങൾക്കായി ലേലം വിളിക്കാൻ ആഗ്രഹിക്കുന്നവർക്ക് സേവന ദാതാവിനെ ബന്ധപ്പെടാം. വിലാസം: എം./എസ്. 4ക്ലോഷർ, ബ്ലോക്ക് നമ്പർ.605 എ, ആറാം നില, മൈത്രിവനം കൊമേഴ്സ്യൽ കോംപ്ലക്സ്, അമീർപേട്ട്, ഹൈദരാബാദ് 500038 ഇമെയിൽ: info@bankauctions.in അല്ലെങ്കിൽ മനീഷ് ബൻസാൽ, ഇമെയിൽ ഐഡി: Manish.Bansal@tata capital.com. നിങ്ങളുടെ അംഗീകൃത ഓഫീസറുടെ മൊബൈൽ ഫോൺ നമ്പർ: 8588983696 വാട്ട്സ്ആപ്പ് നമ്പറിൽ അന്വേഷണങ്ങൾ അയക്കുക: 9999078669. 13. ഉയർന്ന ലേലക്കാരൻ നൽകിയിട്ടുള്ള ഏറ്റവും ഉയർന്ന ലേലത്തിന്റെ 1% ആയിരിക്കും ടിഡിഎസ്. തുക അടയ്ക്കുന്നതിനായി ഉടമയുടെ/വായ്പക്കാരന്റെ(കളുടെ) പാൻകാർഡ് ചലാന്റെ പകർപ്പും ഞങ്ങളുടെ കമ്പനിക്ക് സമർപ്പിക്കേണ്ടതാണ്. 14. മുകളിലുള്ള വിശദാംശങ്ങൾക്ക് സുരക്ഷിത വായ്പാദാതാവിന്റെ വെബ്സൈറ്റായ http://surl.li/abpdnb ൽ നൽകിയിരിക്കുന്ന ചുവടെയുള്ള ലിങ്ക് പരിശോധിക്കുക. 15. ദയവായി https://www.tatacapital.com/property-disposal.html ലിങ്കും സന്ദർശിക്കുക:
ദയവായി ശ്രദ്ധിക്കുക.: സ്വത്തു വിൽപ്പന/ലേലത്തിനായി സൂചിപ്പിച്ച ലേല പങ്കാളിയെ കൂടാതെ ടിസിഎച്ച്എഫ്എൽ ഒരു ബ്രോക്കറെയോ/ഏജന്റിനെയോ ഏൽപ്പിച്ചിട്ടില്ലാത്തതാകുന്നു. ഈ വിഷയത്തിലെ എല്ലാ സംശയങ്ങൾക്കും അന്വേഷണങ്ങൾക്കും താൽപ്പര്യമുള്ള കക്ഷികൾ താഴെ ഒപ്പിട്ടിരിക്കുന്ന അല്ലെങ്കിൽ അംഗീകൃത ഉദ്യോഗസ്ഥനെ മാത്രമേ ബന്ധപ്പെടാവൂ.

സ്ഥലം: ആലപ്പുഴ
തീയതി: 06.01.2025

ഒപ്പ്/ അംഗീകൃത ഓഫീസർ,
ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്.